പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 785 — 04/03/2020 ൽ മറുപടിക്ക്

**കല്ലയം ഹാച്ചറി നവീകരണം**

ചോദ്യം — മറുപടി

**ശ്രീ.വി.കെ.പ്രശാന്ത്** — **അഡ്വ .കെ.രാജു**

(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| (എ) | വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിലെ കല്ലയം ഹാച്ചറി നവീകരണത്തിന് നിലവിൽ ഏതെങ്കിലും പദ്ധതി നടപ്പാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) (ബി) & (സി) | കല്ലയത്ത് മൃഗസംരക്ഷണ വകുപ്പിന്റെ ഹാച്ചറികളൊന്നും പ്രവർത്തിക്കുന്നില്ല എന്നാൽ കേരള പൗൾട്രി വികസന കോർപ്പറേഷന്റെ അധീനതയിലുള്ള കടപ്പനക്കുന്നിലെ ഹാച്ചറിയിൽ ഈ സർക്കാരിന്റെ കാലത്ത് അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കേരള പൗൾട്രി വികസന കോർപ്പറേഷന്റെ അധീനതയിലുള്ള കടപ്പനക്കുന്നിൽ ഒരു കോഴിത്തീറ്റ നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | ഈ ഹാച്ചറിയിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് 2020-21 സാമ്പത്തിക വർഷം ഏതെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ; | | |
| (സി) | കല്ലയം ഹാച്ചറിയിലെ സ്ഥലം പ്രയോജനപ്പെടുത്തി കാലിത്തീറ്റ/കോഴിത്തീറ്റ നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ